2

# യേശു: അവന്റെ ജീവിതത്തിൽ പ്രവചനം നിറവേറൽ

ഭാവി സംഭവങ്ങളെ പ്രവചിക്കുവാനുള്ള യേശുവിന്റെ കഴിവു, അവൻ വെറും മനുഷ്യനല്ല ദൈവപുത്രൻ ആയിരുന്നു എന്നു നിർണ്ണായകമായി തെളിയിക്കുന്നതാണെന്നു അവൻ വിചാരിച്ചു: "അതു സംഭവിക്കുമ്പോൾ, ഞാൻ തന്നേ മശിഹ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനു, ഞാൻ ഇപ്പോൾ അതു സംഭവിക്കും മുമ്പെ നിങ്ങളോടു പറയുന്നു" (യോഹന്നാൻ 13:19). അതുപോലെ, ബൈബിൾ എഴുതിയ എല്ലാ പ്രവാചകന്മാരെയും ആളുകൾ ശ്രദ്ധിക്കുമെങ്കിൽ, പഴയ നിയമ മുന്നറിയിപ്പുകൾ നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊള്ളുക (2 പത്രൊസ് 1:19 നോക്കുക). പഴയ നിയമ പ്രവാചകന്മാർ, അവരുടെ കാലത്തുണ്ടായിരുന്നവർക്കു വേണ്ടി മാത്രമല്ല, ഇന്നു നമുക്കു വേണ്ടിയും കൂടെയായിരുന്നു സംസാരിച്ചത് (1 പത്രൊസ് 1:10-12).[1]

### കന്യകയുടെ മകൻ (യെശയ്യാവു 7:14)

യെഹൂദ്യയിലെ തെക്കൻ രാജ്യത്തിനെതിരെ ബി.സി. 735-ൽ യിസ്രായേലിലെ വടക്കൻ രാജ്യം സുറിയയുമായി ഒരു കൂട്ടുകെട്ടുണ്ടാക്കി. ഇതറിഞ്ഞ "യെഹൂദ്യ കാട്ടിലെ വൃക്ഷങ്ങൾ ഉയലുന്നതുപോലെ ഉലഞ്ഞു" (യെശയ്യാവു 7:2). കരുണയുള്ള ദൈവം യെഹൂദ്യരാജാവായ ആഹാസിനെ ആശ്വസിപ്പിപ്പാൻ യെശയ്യാവിനെ അയച്ചു; എന്നാൽ ആഹാസ് ദുഷ്ടനും കാപട്യമുള്ളവനും ആയിരുന്നു. യുക്തി രഹിതനും ശരിയായി പ്രതികരിക്കാതിരുന്നവന്യമായ ആഹാസിൽ ദൈവത്തിന്റെ കരുണ മന്ദീഭവിച്ചു: ദൈവത്തിനു ആഹാസിനോടു "മടുപ്പുണ്ടായി." സുറിയയും എഫ്രയിമ്യരും തമ്മിലുണ്ടാക്കിയ ഗൂഢാലോചനയിൽ നിന്നു ദൈവം ആഹാസിനെ വിടുവിക്കുമെന്ന ദൈവത്തിന്റെ അടയാളം രാജാവു നിരസിച്ചു. അവൻ നിരസിച്ചതുകൊണ്ട്, ദൈവം കോപത്തോടെ ആ അടയാളം കൊടുക്കും, പക്ഷെ അത് അവന് ഇഷ്ടമില്ലാത്ത അടയാളമായിരിക്കും:

> അതുകൊണ്ടു കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും (യെശയ്യാവു 7:14).

അറിയപ്പെടുന്ന ഒരു പെൺകുട്ടിയെ ആഹാസ് വിവാഹം കഴിക്കയും അവൾ ഒരു മകനെ പ്രസവിക്കയും: അവന്നു അസാധാരണ പേരായ ഇമ്മാനുവേൽ അർത്ഥം, "ദൈവം നമ്മോടു കൂടെ" എന്നു വിളിക്കയും വേണം. ആ കുട്ടി ജനിക്കുന്നതിനു മുമ്പ്, ആ രണ്ടു – ദേശങ്ങളുടേയും ഭീഷണി അവസാനിപ്പിക്കും. എങ്ങനെയായാലും, ദൈവം ഇടക്കു മറ്റു ചിലതു ചെയ്യും: യിസ്രായേലും സുറിയയും യെഹൂദ്യക്കു അപകടം വരുത്തുകയില്ലെങ്കിലും, അശൂര്യ അപകടം വരുത്തും. വാസ്തവത്തിൽ, അശൂര്യർ യെഹൂദ്യ പട്ടിണി കിടക്കുവോളം ഉപരോധം ഏർപ്പെടുത്തി. രണ്ടു ആടുകളെയും ഒരു പശുക്കിടാവിനെയും ഒരു മനുഷ്യൻ വളർത്തും, എന്നു പ്രവാചകൻ പറഞ്ഞിരുന്നു (യെശയ്യാവു 7:21, 22). അതുകൊണ്ടു, പാൽ ലഭ്യമാകും, ശേഷിക്കുന്ന ഏവരുടേയും ആഹാരം തൈരും തേനും ആയിരിക്കും.

പ്രവചനത്തിലെ കുട്ടി, പിന്നെ, തൈരും തേനും ഭക്ഷിക്കും (യെശയ്യാവു 7:15). ആ കുട്ടിയുടെ പേർ ഇമ്മാനുവേൽ, "ദൈവം നമ്മോടുകൂടെ" എന്നായിരിക്കും. ദേശത്തെ നശിപ്പിക്കുവാൻ ദൈവം യെഹൂദ്യയോടുകൂടെ ഇരിക്കുമെന്നതിനു അടയാളമാവും! പക്ഷെ അനുഗ്രഹിക്കേണ്ടതിനല്ല; അവൻ യെഹൂദ്യയോടുകൂടെഇരിക്കുന്നതു ശിക്ഷിക്കുന്നതിനാണ്. ആഹാസും അവന്റെ ജനവും വിശ്വാസമില്ലാത്തവരായിരുന്നു, എങ്കിലും ദൈവത്തിന്റെ വചനം തീർച്ചയായിരുന്നു.

യെശയ്യാവു 7:14-ന്റെ ഹ്രസ്വ – കാലം അർത്ഥം അതായിരുന്നു, പക്ഷെ ബി.സി എട്ടാം നൂറ്റാണ്ടിലെ പ്രാദേശിക അർത്ഥത്തേക്കാൾ വലുതായി അതിലുണ്ടായിരുന്നു, പ്രവചനഭാഷയിൽ ആഹാസ് ഉണ്ടായിരുന്നു. ആഹാസ് ജീവിച്ചിരുന്നപ്പോൾ ഹ്രസ്വ – കാല നിറവേറൽ മാത്രമല്ല യെശയ്യാവു പ്രവചിച്ചത്, എന്നാൽ ദീർഘ – കാലത്തേക്കു യോസേഫിന്റെയും മറിയയുടേയും കാലത്തു സംഭവിപ്പാനുള്ളതുമായിരുന്നു. പലപ്പോഴും മുന്നറിയിപ്പുകൾക്ക് പ്രാഥമികവും രണ്ടാമത്തേതുമായ അർത്ഥം, നേരിട്ടും പരോക്ഷമായും ബാധകമാകാറുണ്ട്. മറിയ ഗർഭിണിയായി പ്രസവിക്കും എന്നു ദൈവ ദൂതൻ പറഞ്ഞു ദുർന്നടപ്പിലായിരുന്നില്ല, മറിച്ചു ദൈവേഷ്ടം നിമിത്തം ആയിരുന്നു, അതു യെശയ്യാവിന്റെ പ്രവചനപ്രകാരമായിരുന്നു (മത്തായി 1:23)

യെശയ്യാവ് 7:14 ന്റെ നിറവേറലിൽ ബി.സി എട്ടാം – നൂറ്റാണ്ടിനും ഏ.ഡി ഒന്നാം – നൂറ്റാണ്ടിനും വ്യത്യാസം ഉണ്ടായിരുന്നു, എങ്കിലും വേണ്ടത്ര സാദൃശ്യങ്ങൾ പരിശുദ്ധാത്മാവ് ആദ്യം അടിസ്ഥാനമായി പിന്നീടു സംഭവിക്കുന്നതായി മുന്നറിയിക്കുന്നു. *അൽമാ* എന്ന വാക്കിന്റെ വിശാലമായ അർത്ഥം ("യുവതിയായ സ്ത്രീ") ബി.സി എട്ടാം നൂറ്റാണ്ടിൽ കന്യക ആയിരിക്കേണ്ട ആവശ്യമില്ല, രേഖയിൽ അങ്ങനെ കാണുന്നില്ല. എങ്ങനെയായാലും, ഏ.ഡി ഒന്നാം നൂറ്റാണ്ടിൽ പ്രത്യേക തരത്തിലുള്ള യുവതികൾ ഉണ്ടായിരുന്നു (ഒരു കന്യക; ഗ്രീക്ക്.: *പാർത്തെ*

*നോസ്*; മത്തായി 1:23) കന്യക ആയിരുന്നപ്പോൾ അമ്മയായി.

അഹാസിന്റെ സമയത്തു ജനിച്ച കുട്ടി പേരിൽ മാത്രമായിരുന്നു ഇമ്മാനുവേൽ, "ദൈവം നമ്മോടു കൂടെ," ആ കുട്ടി വാസ്തവത്തിൽ ദൈവം ആയിരുന്നില്ല. ഇതിനു വിപരീതമായി മറിയയുടെ സമയത്തു ജനിച്ച കുട്ടിക്കു ഇമ്മാനുവേൽ "ദൈവം നമ്മോടുകൂടെ" എന്നു പേരിട്ടതിന്റെ കാരണം അവൻ വാസ്തവത്തിൽ ദൈവം *ആയിരുന്നു.* ആഹാസിന്റെ സമയത്തെ കുട്ടി പേരിൽ മാത്രം അടയാളമായി; എന്നാൽ മറിയയുടെ സമയത്തു ജനിച്ച കുട്ടി പേരിലും സത്തയിലും അടയാളമായി.

ദൈവം യെഹൂദ്യയോടു കൂടെ ആയിരിക്കും എന്ന അടയാളമായിട്ടായിരുന്നു ആഹാസിന്റെ സമയത്തെ പ്രവചന ശിശു. എന്നാൽ മറിയയുടെ സമയത്തെ പ്രവചന ശിശു സർവ്വലോകത്തോടും കൂടെ ഇരിക്കും എന്ന അടയാളമായിരുന്നു (യോഹന്നാൻ 3:16; 1 യോഹന്നാൻ 2:2). ആഹാസിന്റെ കാലത്തെ മുന്നറിയിപ്പു ദൈവം അവരോടുകൂടെ ഇരുന്നതു അവരെ ശിക്ഷിക്കുന്നതിനായിരുന്നു. മറിയയുടെ സമയത്തെ അടയാളം മുന്നറിയിക്കുന്നതു ദൈവം ആളുകളോടുകൂടെ ഇരിക്കുന്നതു അവരെ അനുഗ്രഹിക്കുന്നതിനാണ്.

മറിയയുടെ മകൻ കന്യകാ - ജനനത്തിലൂടെയല്ല വന്നതെങ്കിൽ, പിന്നെ അവനു ഇമ്മാനുവേൽ "ദൈവം നമ്മോടുകൂടെ ആയിരിക്കുവാൻ" സാധ്യമല്ല, കാരണം അവൻ അപ്പോൾ നമ്മെപ്പോലെ പൂർണ്ണമായും മനുഷ്യനാകും, ദൈവ - മനുഷ്യൻ ആകയില്ല, അതിലുപരി, അവൻ ദുർന്നടപ്പിനാൽ അവിഹിതമായി ജനിച്ചവനും ആകും. അങ്ങനെയായാൽ യേശു ദൈവമായിരിക്കയില്ല, അവന്റെ മതം കബളിപ്പിക്കലുമാകും. അങ്ങനെയാവുമ്പോൾ, ഇമ്മാനുവേൽ, "ദൈവം നമ്മോടുകൂടെ" എന്ന പേർ പരിഹാസ്യമാകും.

### അബ്രഹാമിന്റെ സന്തതി (ഉല്പത്തി 22:18)

അബ്രഹാം ലോകത്തിനു തന്നെ അനുഗ്രഹമായിരിക്കും എന്നു ദൈവം പ്രവചിച്ചിരുന്നു. "നിന്നിൽ" എന്ന ഉല്പത്തി 12:3 ലെ പ്രയോഗത്തിനു പകഷെ, "നിന്റെ സന്തതിയിൽ" എന്നു തൊട്ടു മുൻപിലെ വാക്യത്തിൽ പറയുന്നു. ഉല്പത്തി 22:17 ലെ "സന്തതി" എന്നു ഉപയോഗിച്ചിരിക്കുന്നതു അബ്രഹാമിന്റെ ഭാവിതലമുറയെ ഉദ്ദേശിച്ചാണെങ്കിലും (അതായതു, യിസ്രായേൽ ദേശം മുഴുവനും), അതു 22:18-ൽ ഉപയോഗിച്ചതു പോലെയല്ല. വാക്യം 18-ൽ "സന്തതി" എന്നു പരിമിതമായി, പ്രത്യേകമായി അബ്രഹാമിന്റെ പിൻഗാമിയായ യേശുവനെ പേരെടുത്തു പറയുന്നു. ഗലാത്യർ 3:16-ൽ പൗലൊസ് ആ വാക്യം സൂചിപ്പിച്ചു പറഞ്ഞു, "... [ദൈവം] പറയുന്നതു, 'സന്തതികൾക്കും,' എന്നു അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്നു ഏകനെകുറിച്ചത്രേ പറയുന്നതു, അതു ക്രിസ്തുവത്രെ." പഴയനിയമ പ്രവചനത്തിന്റെ പ്രത്യേക അർത്ഥം എന്തെന്നു പുതിയ നിയമ എഴുത്തുകാരൻ നമ്മിൽ ഉൾക്കാഴ്ച്ച നല്കുന്നു.

ഉല്പത്തി 22:18 ലെ മശിഹാപ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്ന

മറ്റൊരു പുതിയ നിയമ പ്രാസംഗികൻ ഉണ്ട്. യെരുശലേം ദൈവാലയ ത്തിലെ ശലോമോന്റെ മണ്ഡപത്തിൽ വെച്ചു പത്രൊസ് പറഞ്ഞു, "'ഭൂമിയിലെ സകലവംശങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്ക പ്പെടും' എന്നു ദൈവം അബ്രഹാമിനോടു അരുളി നിങ്ങളുടെ പിതാക്ക ന്മാരോടു ചെയ്ത നിയമത്തിന്റെയും പ്രവാചകന്മാരുടേയും മക്കൾ നിങ്ങൾ തന്നേ" (പ്രവൃത്തികൾ 3:25).

**ഒരു ഗലീലക്കാരനായ ശുശ്രൂഷകൻ**
**(യെശയ്യാവു 9:1, 2)**

വരുവാനുള്ള മശിഹയെക്കുറിച്ചുള്ള പഴയനിയമ മുന്നറിയിപ്പുകളിൽ പലതും കൂടുതൽ പ്രാദേശിക അർത്ഥത്തിലും, ഉടനെ സംഭവിക്കുന്ന തായും ഉണ്ട്. എങ്ങനെയായാലും, ചിലതു, പഴയ നിയമ അർത്ഥം തന്നെ ഇല്ലാത്തതാണ് ബി.സി. എട്ടാംനൂറ്റാണ്ടിലെ "സുവിശേഷ പ്രവാചകൻ" എഴുതിയതാണ് പിന്നീടു വരുന്ന നിഴലായിട്ടുള്ളത്:

> എന്നാൽ കഷ്ടതയിൽ ഇരുന്ന ദേശത്തിനു തിമിരം നില്ക്കു കയില്ല; പണ്ടു അവൻ സെബുലൻ ദേശത്തിനും നഫ്താലിദേശ ത്തിനും ഹീനത വരുത്തിയെങ്കിലും, പിന്നത്തേതിൽ അവൻ കടൽ വഴിയായി,യോർദ്ദാന്നക്കരെയുള്ള ജാതികളുടെ മണ്ഡലത്തിനു മഹത്വം വരുത്തും.
>
> ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു അന്ധ തമ സ്സുള്ള ദേശത്തു പാർത്തവരുടെമേൽ പ്രകാശം ശോഭിച്ചു (യെശയ്യാവു 9:1, 2).

ഗലീല ദേശം "പിന്നത്തേതിൽ" മഹത്വം പ്രാപിക്കുകയും എന്നേക്കും പ്രസിദ്ധമാകയും ചെയ്തു. സ്പഷ്ടമായി, അവൻ സ്വർഗ്ഗം വിടുന്നതിനു മുൻപുതന്നെ യേശു തന്റെ ഭൗമികശുശ്രൂഷയിൽ അധികവും ഗലീല യിൽ ചെലവഴിക്കുവാൻ തീരുമാനിച്ചിരുന്നു:

> യോഹന്നാൻ തടവിൽ ആയി എന്നു കേട്ടാറെ അവൻ ഗലീ ലക്കു വാങ്ങിപ്പോയി, നസറെത്ത് വിട്ടു സെബുലൂന്റെയും, നഫ്ത്താ ലിയുടേയും, അതിരുകളിൽ കടൽക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു; സെബുലൂൻ ദേശവും നഫ്ത്താലി ദേശവും കടൽക്കരയിലും യോർദ്ദാന്നക്കരെയുള്ള നാടു ജാതികളുടെ ഗലീ ലയും അങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു.
>
> "മരണത്തിന്റ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു" എന്നു യെശയ്യാ പ്രവാചകർ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇടവന്നു. "സെബുലൂൻ ദേശവും നഫ്താലി ദേശവും, കടല്ക്കരിയിലും,യോർദ്ദാനക്കരെയുള്ള നാടും ജാതിക

ളുടെ ഗലീലയും – ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയൊരു വെളിച്ചം കണ്ടു, മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു" (മത്തായി 4:12–16).

### അഭിഷിക്തനായ ഒരു ഉപദേഷ്ടാവു
### (യെശയ്യാവു 61:1-3)

ബി.സി. എട്ടാംനൂറ്റാണ്ടിൽ അഭിഷിക്തനായ ഒരു ഉപദേഷ്ടാവു യെശയ്യാവിന്റെ ചുരുളിൽ കൂടെ സംസാരിച്ചു.

> എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്ക കൊണ്ടു, യഹോവയായ കർത്താവിന്റെ ആത്മാവു എന്റെ മേൽ ഇരിക്കുന്നു; ഹൃദയം തകർന്നവരെ മുറി കെട്ടുവാനും, തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും; യഹോവയുടെ പ്രസാദവർഷം നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാകുവാനും ദു: ഖിതന്മാരെ ഒക്കെയും ആശ്വസിപ്പിപ്പാനും, സീയോനിലെ ദു:ഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാര മാലകൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു; അവൻ മഹത്വീകരിക്കപ്പെടേണ്ടതിനു, അവർക്കു നീതി വൃക്ഷങ്ങൾ എന്നും, യഹോവയുടെ നടുതല എന്നും പേരാകും (യെശയ്യാവു 61:1–3).

ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഒരു മുപ്പത്തി – മൂന്നു – വയസ്സുകാരൻ വിദ്യാരഹിതനായ തച്ചൻ പള്ളിയിലെ ഉപദേഷ്ടാക്കന്മാരെ വിസ്മയിപ്പിച്ചു:

> അവൻ വളർന്ന നസറെത്തിൽ വന്നു, ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി, ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ച്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു,
>
> "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ട്, ..." (ലൂക്കൊസ് 4:16–18).

അവൻ മനോഹരമായി മുന്നറിയിച്ചിരിക്കുന്ന പ്രവചനഭാഗം വായിച്ചു, പുസ്തകം മടക്കി, ധൈര്യത്തോടെ പ്രഖ്യാപിച്ചു, "ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു" (ലൂക്കൊസ് 4:21).

ആരായാലും യേശു അത്തരം അവകാശം ഉന്നയിക്കുമ്പോൾ ഗൗരവ

മായി പരിഗണിക്കണം. കാരണം യേശു, ആ അവകാശം ഉന്നയിച്ചതു സ്വാഭാവികമായും ശരിയായിരുന്നു.

### മോശെയെപോലെ ഒരു പ്രവാചകൻ (ആവർത്തന പുസ്തകം 18:15)

സിനായ് പർവ്വതം കുലുങ്ങിയപ്പോൾ ജനം നടുങ്ങി. അവർ തീയും, ഇടിമുഴക്കവും, കാർമേഖവും ഗംഭീരനാദവും, പർവ്വതം മുഴുവൻ തീച്ചു ളയിലെ പോലെ പുക നിറഞ്ഞിരിക്കുന്നതു കണ്ടു (പുറപ്പാട് 19:16–18; 20:18). ദൈവം തന്റെ ശബ്ദത്തിൽ പത്തു കല്പനകൾ കൊടുത്തപ്പോൾ അവർ വിറച്ചു. ദൈവ സാന്നിദ്ധ്യത്താൽ, അവർ നശിച്ചുപോകാതിരി ക്കേണ്ടതിനു അവരോടു മോശെ സംസാരിക്കട്ടെ എന്നു നിലവിളിച്ചു. മോശെ യഹോവയോടു പറഞ്ഞു, ദൈവം മോശെയെ ദൈവിക പ്രതി നിധി ആയി സംസാരിപ്പാൻ അയക്കുകയും ചെയ്തു:

> നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപോലെ ഒരു പ്രവാ ചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു തരും, അവന്റെ വചനം നിങ്ങൾ കേൾക്കണം. "ഞാൻ മരിക്കാതിരിക്കേണ്ടതിന്നു ഇനി എന്റെ ദൈവമായ യഹോ വയുടെ 'ശബ്ദം കേൾപ്പാനും ഈ മഹത്തായ തീ കാൺമാനും എനിക്കു ഇടവരരുതേ എന്നിങ്ങനെ ഹോരേബിൽ വെച്ചു ഹോമ യാഗം കൂട്ടിയ നാളിൽ നിന്റെ ദൈവമായ യഹോവയോടു നീ അപേക്ഷിച്ചതുപോലെ തന്നെ'" (ആവർത്തന പുസ്തകം 18:15, 16).

ഒരു വക്താവു വേണമെന്നതു ജനത്തിന്റെ ഒരു അപേക്ഷമാത്രമാ ണെന്നാണ് ദൈവം കരുതിയത്. "അവർ പറഞ്ഞതു ശരി," എന്നാണ് ദൈവം മോശെയോടു പറഞ്ഞതു (ആവർത്തന പുസ്തകം 18:17), അവൻ ആ വാഗ്ദാനം വീണ്ടും നല്കയുണ്ടായി:

> നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു എഴുന്നേല്പിച്ചു, എന്റെ വച നങ്ങളെ അവന്റെ നാവിന്മേൽ ആക്കും, ഞാൻ അവനോടു കല്പി ക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ, അവനോടു ഞാൻ ചോദിക്കും (ആവർത്തന പുസ്തകം 18:18, 19).

മോശെയെപോലെ ഒരു പ്രവാചകൻ വരും. തീർച്ചയായും, മോശെ ഒരു സാധാരണ പ്രവാചകൻ ആയിരുന്നില്ല. ദൈവം അവനോടു മറപൊ രുളായിട്ടല്ല "അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ സംസാരിച്ചത്, അവൻ യഹോവയുടെ രൂപം കാണുകയും ചെയ്തു" (സംഖ്യാ പുസ്തകം 12:8). യിസ്രായേലിൽ ഒരു പ്രവാചകനും മോശെക്കു മുക ളിൽ ഇല്ലായിരുന്നു, "യഹോവ മോശെയെ അഭിമുഖമായി അറി

ഞ്ഞിരുന്നു" (ആവർത്തന പുസ്തകം 34:10). അതുകൊണ്ടു, അവനെ പോലെ ഒരുവനെ വാഗ്ദാനം ചെയ്താൽ, അതു സാധാരണക്കാരൻ ആയിരിക്കയില്ല.

യഹോവ പറഞ്ഞു, വാഗ്ദാനം ചെയ്ത "പ്രവാചകന്റെ വായിൽ," യഹോവയുടെ വചനം ഉണ്ടാകും (ആവർത്തനപുസ്തകം 18:18). അവനെയും അവന്റെ വചനത്തെയും കൈക്കൊൾക എന്നാൽ ദൈവത്തെ കൈക്കൊള്ളുകയാണ്, അവനെയും അവന്റെ വചനത്തെയും തള്ളിക്കളയുന്നതു ദൈവത്തെ തള്ളിക്കളയുന്നതിനു തുല്യമാണ് (ആവർത്തന പുസ്തകം 18:19).

ഈ അസാധാരണ പ്രവാചകനെ സംബന്ധിച്ച വാഗ്ദാനം മോശെയുടെ ആളുകൾ മറന്നില്ല. അവന്റെ വരവിന്നായി കാത്തിരിക്കുവാൻ അവർ തങ്ങളുടെ മക്കളുടെ മക്കളോടും ഉപദേശിച്ചു. "പ്രവാചകൻ" എന്നു അവർ അവനെ വിളിച്ചു (യോഹന്നാൻ 1:21, 25). മോശെക്കു ശേഷം പതിനഞ്ചു നൂറ്റാണ്ടുകൾ കഴിഞ്ഞ്, യോഹന്നാൻ സ്നാപകന്റെ പ്രവൃത്തികൾ ശ്രദ്ധയാകർഷിക്കുവാൻ തുടങ്ങിയപ്പോൾ, യെഹൂദന്മാർ ഉടനെ ആവർത്തന പുസ്തകം 18:15 ലെ പ്രവചനം ഓർക്കുകയും, യോഹന്നാനോടു അവർ "നീ ആ പ്രവാചകനോ?" എന്നു ചോദിച്ചു (യോഹന്നാൻ 1:21). യോഹന്നാനേക്കാൾ വലിയവൻ എഴുന്നേറ്റിട്ടില്ലായിരുന്നു, എന്നാൽ വാഗ്ദാനം ചെയ്ത പ്രവാചകൻ അവനായിരുന്നില്ല, തന്നോടു ചോദിച്ചവരോടു അതു താനല്ല എന്നു വ്യക്തമാക്കുകയും ചെയ്തു.

എങ്ങനെയായാലും, യോഹന്നാൻ, അത്ഭുതങ്ങൾ ഒന്നും ചെയ്തിട്ടില്ലെങ്കിലും (യോഹന്നാൻ 10:41), അവന്റെ പിന്നാലെ വന്നവൻ അതു ബാർലി അപ്പവും രണ്ടു മീൻ കഷ്ണങ്ങളും എടുത്തു ശേഷിച്ചു എടുത്തതടക്കം പതിനായിരം പേർക്കു ഭക്ഷിക്കാവുന്നവ വർദ്ധിപ്പിച്ചു കൊടുത്തു (യോഹന്നാൻ 6:9, 10). ബോധ്യപ്പെടുത്തുന്ന അത്തരം അടയാളങ്ങൾ കണ്ടപ്പോൾ യെഹൂദന്മാർ മോശെ മുഖാന്തരം ലഭിച്ച ആവർത്തന പുസ്തകം 18:15 ലെ, വാഗ്ദാനം ഓർമ്മിക്കയും, "ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ തന്നെ" എന്നു പറയുകയും ചെയ്തു (യോഹന്നാൻ 6:14).

അവൻ പ്രകൃതിയുടെ കർത്താവാണെന്നു യേശു തെളിയിക്കുക മാത്രമല്ല, ആരും ഒരിക്കലും സംസാരിക്കാത്ത വിധം അവൻ സംസാരിക്കുകയും ചെയ്തു (യോഹന്നാൻ 7:46). ഒരു ദിവസം അവൻ ഒരു അടയാള പ്രഖ്യാപനം നടത്തിയപ്പോൾ, യെഹൂദ പുരുഷാരത്തിൽ ചിലർ ആ വലിയ ഉപദേഷ്ടാവിനെ ആവർത്തന പുസ്തകം 18:15 മായി ബന്ധപ്പെടുത്തി, "ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു" എന്നു പറഞ്ഞു (യോഹന്നാൻ 7:40).

പത്രൊസ്, ശലോമോന്റെ മണ്ഡപത്തിലെ പ്രസംഗത്തിൽ, ആവർത്തനപുസ്തകം 18:15 ഉദ്ധരിച്ചു. യേശു ആണ് ആ ആയിരത്തി - അഞ്ഞൂറു - വർഷങ്ങൾക്കു - മുൻപുള്ള പ്രവചന നിവർത്തീകരണം (പ്രവൃത്തികൾ 3:22). ആ "പ്രവാചകന്റെ" വാക്കുകൾ അനുസരിക്കാതിരിക്കുന്നവർക്കു (പ്രവൃത്തികൾ 3:23) നാശമാണെന്നു അവൻ മുന്നറി

യിച്ചു. അതുകൊണ്ടു, ശരിയായി ചിന്തിക്കുന്ന - യെഹൂദന്മാർ "പ്രവാച കന്മാരുടെ മക്കൾ" ആയിരുന്നു (പ്രവൃത്തികൾ 3:25), മോശെ പ്രവചിച്ച മഹത്വകരമായ ജഡിക നിറവേറൽ യേശുവിൽ അവർക്കുകാണുവാൻ കഴിഞ്ഞു.

**ഉപമകളുടെപ്രാസംഗികൻ**
**(സങ്കീർത്തനങ്ങൾ 78:2)**

യിസ്രായേലിൽ പ്രസിദ്ധനായിരുന്നു ആസാഫ്. പാട്ടുകാരനും ഇലത്താളം അടിക്കുന്നവനും, സമാഗമന കൂടാരത്തിൽ പാട്ടുപാടാൻ ദാവീദ് നിയമിച്ചവനും ആയിരുന്നു (1 ദിനവൃത്താന്തം 6:31–33, 39; 15:19; 16:5). ഒരു ദർശകൻ ആകുവാൻ പരിശുദ്ധാത്മാവു അവനെ ശക്തിപ്പെടുത്തിയിരുന്നു (2 ദിനവൃത്താന്തം 29:30), കൂടാതെ സങ്കീർത്തന പുസ്തകങ്ങളിൽ സങ്കീർത്തനങ്ങൾ ദൈവശ്വാസീയമായി (സങ്കീർത്തനങ്ങൾ 50, 70–83) എഴുതുകയും ചെയ്തു. സങ്കീർത്തനം 78, *മാസ്കിൽ* എന്നറിയപ്പെട്ടതു നിർദ്ദേശങ്ങളും ഉത്തേജനങ്ങളും, അടങ്ങിയിരിക്കുന്നതാണ്. അവന്റെ ഉപദേശങ്ങളിൽ ഒരു ഭാഗം ഉപമകളായിട്ട്, അഥവാ, പ്രായോഗിക കഥകളായിട്ടായിരുന്നു. അവന്റെ മറ്റുപദേശങ്ങൾ കടങ്കഥകൾ പോലെയായിരുന്നു. അവൻ പറഞ്ഞു, "ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; പുരാതന കടങ്കഥകളെ ഞാൻ പറയും'' (സങ്കീർത്തനങ്ങൾ 78:2).

ആസാഫിനേക്കാൾ വലിയവൻ ചെയ്യുന്ന വിധത്തിലുള്ള മുന്നറിയിപ്പുകൾ ആസാഫിനെക്കൊണ്ടു പരിശുദ്ധാത്മാവു ചെയ്യിക്കുന്നുണ്ട് (മത്തായി 13:35 നോക്കുക). യേശുവും ലോകസ്ഥാപനം മുതൽ മറഞ്ഞിരുന്ന കാര്യങ്ങൾ ഉപമകളായി ഉപദേശിക്കുന്നവനായിട്ടാണ്, യിസ്രായേലിൽ വന്നത്. "പ്രവാചകർ സംസാരിച്ചതു നിറവേറുന്നതിനു വേണ്ടിയായിരുന്നു" ഇതു. ആസാഫ്, പറയുന്നു, "ഞാൻ ഉപമ സംസാരിപ്പാൻ വായ് തുറക്കും; ലോകത്തിനു അടിസ്ഥാനം ഇടുന്നതു മുതൽ മറഞ്ഞിരുന്ന കാര്യങ്ങളെ ഞാൻ വെളിപ്പെടുത്തും."

**പിതാവിന്റെ ആലയത്തോടുള്ള എരിവു**
**(സങ്കീർത്തനങ്ങൾ 69:9)**

വിശുദ്ധ സമാഗമന കൂടാരത്തിനെതിരെ ഉണ്ടായ ഏതോ നിന്ദയോ പരിഹാസ്യമോ ആയ സംഭവം കൊണ്ടാകണം ദാവീദ് ഇങ്ങനെ പറഞ്ഞത്, "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നു കളഞ്ഞു" (സങ്കീർത്തനങ്ങൾ 69:9). തീർച്ചയായും, ദാവീദിനുണ്ടായിരുന്ന അതേ തോന്നൽ യേശുവിനുണ്ടാകുമെന്നു പരിശുദ്ധാത്മാവു മുന്നറിയിക്കയായിരുന്നു.

> ദൈവാലയത്തിൽ കാള, ആടു, പ്രാവു എന്നിവ വില്ക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ടു കയറുകൊണ്ടു ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടു കൂടെ എല്ലാവരെയും ദൈവാലയത്തിൽ നിന്നു പുറത്താക്കി. പൊൻവാ

ണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു, പ്രാവുകളെ വില്ക്കുന്നവരോടു "ഇതു ഇവിടെ നിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭ ശാലയാക്കരുത്" എന്നു പറഞ്ഞു. അപ്പോൾ അവന്റെ ശിഷ്യന്മാർ, "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നു കളയുന്നു" എന്നു എഴുതിയിരിക്കുന്നതു ഓർത്തു (യോഹന്നാൻ 2:14-17).

സങ്കീർത്തനങ്ങൾ 69:9ന്റെ രണ്ടാം ഭാഗം, "നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു," എന്നതു സൂചിപ്പിക്കുന്നതു, സമാഗമനകൂടാരത്തെ നിന്ദിക്കുന്നതിനെ, ദാവീദ് പ്രതിരോധിക്കയായിരുന്നു ദുഷ്ട മനുഷ്യർ സമാഗമന കൂടാരത്തെ അശുദ്ധമാക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തിരുന്നു. പ്രാദേശികമായ സാഹചര്യം എന്തായാലും ശരി, ദാവീദ് വാക്യം 9-ൽ പറഞ്ഞതു യേശുവിനെക്കുറിച്ചുള്ള ഒരു പ്രവചനം കൂടെയായിരുന്നു. ദൈവാലയത്തെ ദുരുപയോഗം ചെയ്തവർക്കെതിരായി അവൻ നിന്നു. തീർച്ചയായും അവന്റെ മരണത്തെ അവൻ വേഗത്തിലാക്കി. അവൻ ഒരു തരത്തിലും തന്നെത്തന്നെ പ്രസാദിപ്പിക്കുന്നവനായിരുന്നില്ല; അവന്റെ ഒരേ ഒരു വിചാരം പിതാവിന്റെ വിശുദ്ധിആയിരുന്നു. "'നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു'" എന്ന് എഴുതിയിരിക്കുന്നതു പോലെ ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല" (റോമർ 15:3).

## സകല ജാതികളെയും അനുഗ്രഹിക്കുന്നവൻ (ഉല്പത്തി 12:3)

"നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും" എന്നു ദൈവം അബ്രഹാമിനോടു, ഏതാണ്ടു ബി.സി 1886-ൽ, വാഗ്ദാനം ചെയ്തു (ഉല്പത്തി 12:3). അബ്രഹാമിൽ യെഹൂദന്മാരും ജാതികളും അനുഗ്രഹിക്കപ്പെടും എന്ന വാഗ്ദാനം ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പു മുന്നറിയിച്ചിരുന്നു. ഇന്നു ക്രിസ്തുവിനെ സ്വീകരിച്ച് അനുസരിച്ചു ക്രിസ്ത്യാനികളായിത്തീരുന്ന ഓരോരുത്തരും ഉല്പത്തി 12:3 ലെ ആ വാഗ്ദാനത്തിന്റെ അനുഗ്രഹത്തിൽ പങ്കുകാരാകുന്നു. ജാതികളെ വിശ്വാസത്താൽ ദൈവം സ്വീകരിക്കുമെന്നാണ് ദൈവം ആ വേദഭാഗത്തിൽ മുന്നറിയിച്ചത്. മുമ്പു തന്നെ ദൈവം അബ്രഹാമിനോടു സുവിശേഷം അറിയിച്ചിരുന്നു, "നിങ്ങൾ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഗലാത്യർ 3:8). ഫലമോ വിശ്വാസത്താൽ അനുഗ്രഹിക്കപ്പെടുന്നതു, വിശ്വസ്തനായ, അബ്രഹാമിനോടുകൂടെയായിരിക്കും ക്രിസ്തുവിനുള്ളവർ എല്ലാവരും അബ്രഹാമിന്റെ സന്തതിയായിരിക്കും, "കാരണം അബ്രഹാം" ഒരു ഉയർന്ന പിതാവായി അറിയപ്പെട്ടതിന്റെ അർത്ഥം, അവൻ "ബഹുജാതികൾക്ക് പിതാവായി." ജാതികളിൽ നിന്നും, വിശ്വാസത്തിൽ അനുസരണമുള്ളവരാകുമ്പോൾ നിയമപരമായി, വിശ്വാസികളുടെ പിതാവിനു വാഗ്ദാനം ചെയ്തതിനും അവകാശികൾ ആകുന്നു. ഒരാളിൽ നിന്നു ദേശത്തിലേക്കും പിന്നെ സകല ജാതികളിലേക്കും അബ്രഹാമിന്റെ അനുഗ്രഹങ്ങൾ വ്യാപിച്ച് ഒരു ചങ്ങ

ലയിലെ കണ്ണിപോലെ അബ്രഹാമിന്റെ സന്തതിയായ യേശുവിലേക്കു വരുന്നു. ആ കാരണം കൊണ്ട്, ഉല്പത്തി 12:3 ഒരു മശിഹാ പ്രവചന മായി തീരുന്നു.

**ജാതികളുടെ പ്രകാശം (യെശയ്യാവു 49:6)**

ദൈവത്തിന്റെ വരുവാനുള്ള ദാസനെ പ്രവചിക്കുന്ന സ്നേഹമുള്ള ജ്ഞാനത്തിൽ അവൻ യാക്കൊബു ഗൃഹത്തെ മാത്രമല്ല സൂക്ഷിക്കുക. ലോകത്തിലെ സകല ജനങ്ങൾക്കും അവൻ രക്ഷിക്കുന്ന പ്രകാശമായി ത്തീരും:

> "നീ യാക്കൊബിന്റെ ഗോത്രങ്ങളെ എഴുന്നേല്പിക്കേണ്ടതിനും യിസ്രായേലിൽ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചു വരുത്തേണ്ടതിനും എനിക്കു ദാസനായിരിക്കുന്നതു പോരാ; എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിനു ഞാൻ നിന്നെ ജാതികൾക്കു പ്രകാ ശമാക്കി വെച്ചിരിക്കുന്നു എന്നു ഞാൻ അരുളിച്ചെയ്യുന്നു" (യെശയ്യാവു 49:6).

യഹോവ ബലമാകുന്ന മുൻ നിയമിക്കപ്പെട്ട മാന്യനായ ദാസൻ ആരാണ്? (യെശയ്യാവു 49:5). മറിയയുടെ ഉദരത്തിൽ യേശു ജനിക്കുന്ന തിനുമുൻപും, അവൻ ഒരു വാഗ്ദാന സന്തതി ആയിരുന്നു. നസ്രേത്തിലെ ഒരു കന്യകയോടു അതിശയിപ്പിക്കുന്ന സന്ദേശം നല്കി. "നീ, ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവനു യേശു എന്നു പേർ വിളിക്കും (ലൂക്കൊസ് 1:31)". ഈ മകൻ, ഊദരത്തിൽ രൂപം കൊണ്ടു, ഒരു ദാസനായി ദൈവ ജനത്തെ സഹായിക്കുവാൻ ഉപയോഗിക്കുന്നു അവനെ കണ്ട വർക്കെല്ലാം ദൈവമക്കൾ ആകുവാൻ അവൻ അവകാശം കൊടുത്തു (യോഹന്നാൻ 1:12). പുറമെ, അവൻ തന്റെ അപ്പൊസ്തലന്മാർക്കു കൊടുത്ത ആജ്ഞ സുവിശേഷം സർവ്വ ലോകത്തിലും എത്തിക്കുക എന്ന തായിരുന്നു. അപ്പൊസ്തലന്മാർ അങ്ങനെ തങ്ങളെ ഭരമേല്പിച്ച സുവി ശേഷം, യെഹൂദന്മാരെയും പിന്നെ ജാതികളെയും അറിയിച്ചു.

അന്ത്യോക്ക്യയിലെ പിസിദ്യയിൽ, യെഹൂദന്മാർ സുവിശേഷത്തിനു എത്തിയപ്പോൾ, പൗലൊസും ബർന്നബാസും സുവിശേഷം സ്പഷ്ട മായി സംസാരിച്ചു:

> അപ്പോൾ പൗലൊസും ബർന്നബാസും ധൈര്യം പൂണ്ടു ദൈവ വചനം ആദ്യം നിങ്ങളോടു പറയുന്നതു ആവശ്യമായിരുന്നു എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യ ജീവനു അയോഗ്യർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതി കളിലേക്കു തിരിയുന്നു.
>
> "നീ ഭൂമിയുടെ അറ്റത്തോളം രക്ഷ ആകേണ്ടതിനു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു" എന്നു കർത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു (പ്രവൃത്തികൾ 13:46, 47).

## അപ്പൊസ്തലന്മാരുടെ കൊടി (യെശയ്യാവു 11:10)

സുവിശേഷ പ്രവാചകന്റെ മുന്നറിയിപ്പു ധൈര്യത്തോടെയായിരുന്നു: "അന്നാളിൽ വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന യിശ്ശായിവേരായവനെ ജാതികൾ അന്വേഷിച്ചുവരും. അവന്റെ വിശ്രമ സ്ഥലം മഹത്വമുള്ളതായിരിക്കും" (യെശയ്യാവു 11:10).

ബി.സി. എട്ടാം നൂറ്റാണ്ടിൽ ഏതാണ്ടു അവിശ്വസനീയമായ പ്രവചനങ്ങൾ പുറത്തു വന്നു. യിശ്ശായിയുടെ പിൻഗാമികൾ ഒരാളിന്മേൽ (യെശയ്യാവു 11) ദൈവത്തിന്റെ ആളായി ഇരിക്കയും, അവനു പ്രത്യേക ജ്ഞാനം നല്കുകയും ചെയ്യും. അവൻ കാഴ്ച്ചയാലോ, ശബ്ദത്താലോ വിധിക്കാതെ (യെശയ്യാവു 11:3, 4), നീതിയോടെ ന്യായം വിധിച്ചു. അവൻ ദരിദ്രന്മാർക്കു സാധുക്കൾക്കും ന്യായം പാലിച്ചുകൊടുക്കും (യെശയ്യാവു 11:4). ദുഷ്ടന്മാർ അവന്റെ കോപത്തിനിരയാകും (യെശയ്യാവു 11:4). ആലങ്കാരികമായി, "നീതി അവന്റെ നടുക്കെട്ടും വിശ്വസ്തത അവന്റെ അരക്കച്ചയും ആയിരിക്കും" (യെശയ്യാവു 11:5). അതുപോലെ ആലങ്കാരികമായി, അവന്റെ അധികാരത്തിൽ യെശയ്യാവു പറഞ്ഞു, "ചെന്നായി കുഞ്ഞാടിനോടുകൂടെ പാർക്കും" (യെശയ്യാവു 11:6). അവന്റെ വിശുദ്ധ പർവ്വതത്തിൽ ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല, അവന്റെ പരിജ്ഞാനം സാർവ്വദേശീയമായിരിക്കും (യെശയ്യാവു 11:9). അവൻ വംശങ്ങൾക്കു കൊടിയായിരിക്കും, ജാതികൾ അവനെ അന്വേഷിക്കും (യെശയ്യാവു 11:10). അവന്റെ വിശ്രമ സ്ഥലം മഹത്വമുള്ളതായിരിക്കും. അവൻ ജാതികൾക്കു ഒരു കൊടി ഉയർത്തി യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും, യെഹൂദയുടെ ചിതറിപോയവരെ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നു ഒന്നിച്ചു കൂട്ടുകയും ചെയ്യും (യെശയ്യാവു 11:12).

യെശയ്യാവിന്റെ ശക്തവും അവിശ്വസനീയവുമായ പ്രവചനം നിവർത്തീകരിക്കുന്നതു യിശ്ശായിയുടെ സന്തതികളിൽ യേശു അല്ലാതെ മറ്റാരും ആയിരുന്നില്ല (റോമർ 15:12). കൂസാത്ത നസ്രേത്തുകാരനായ തച്ചൻ യുവാവിന്റെ ജ്ഞാനം, വിസ്മയവഹമായിരുന്നു: "ഇവന്നു ഇവ എവിടെ നിന്നു?" (മർക്കൊസ് 6:2). ശബ്ബത്തിൽ ഒരു മുടന്തനെ സൗഖ്യമാക്കിക്കൊണ്ട് അവൻ യെഹൂദന്മാരെ വിസ്മയിപ്പിച്ചു; അവൻ ചെയ്ത നന്മ വിമർശനത്തിനു വഴിതുറന്നു (യോഹന്നാൻ 7:23, 24) ഭ്രഷ്ടന്മാരോടും സ്നേഹിക്കപ്പെടാത്തവരോടും അവൻ സഹതപിച്ചു (മത്തായി 21:31; 9:10), യെശയ്യാവു മുന്നറിയിച്ചതുപോലെ (11:4) അവന്റെ നീതിയും, യെശയ്യാവു മുന്നറിയിച്ചതുപോലെ (11:5) "നീതിമാനായ മനുഷ്യൻ" എന്ന പിലാത്തൊസിന്റെ ഭാര്യയുടെ സാക്ഷ്യവും, ശ്രദ്ധേയമാണ് (മത്തായി 27:19).

അക്ഷരികമായി, ചെന്നായി കുഞ്ഞാടിനോടുകൂടെ സമാധാനമായി കിടക്കുവാൻ യേശു ഒരിക്കലും വഴി ഒരുക്കിയില്ല, അവന്റെ സഭയും അങ്ങനെ ചെയ്തില്ല (യെശയ്യാവു 11:6). അവൻ രണ്ടാമതു വരുമ്പോൾ, വന്യമൃഗങ്ങൾ ഒരുമിച്ചു കഴിയുവാൻ സമയവുമില്ല, കാരണം അന്നു ഭൂമിയിലുള്ള സകലവും വെന്തുരുകും (2 പത്രൊസ് 3:10) ആരെങ്കിലും ഈ ചെന്നായി/കുഞ്ഞാടു കാര്യം അക്ഷരികമായി നിറവേറാൻ കാത്തിരുന്നാൽ അയാൾ നിരാശപ്പെടും. എങ്ങനെയായാലും, അതിന്റെ അർത്ഥം

ആലങ്കാരികമായി എടുത്താൽ (യെശയ്യാവു 11:5 ലെ നീതി നടുക്കെട്ട് എന്നതുപോലും) പരസ്പരം യോജിക്കും.

ആലങ്കാരികമായി, ചെന്നായിയുടെ സ്വഭാവമുള്ള മനുഷ്യർ കുഞ്ഞാടുകളെ പോലെ ആവുകയും അവർ കുട്ടിയെ ഉപദ്രവിക്കാതിരിക്കയും ചെയ്യും (യെശയ്യാവു 65:17–25). വന്യമൃഗങ്ങളുടെ സ്വഭാവമുള്ള മനുഷ്യർ, ക്രിസ്തുവിന്റെ ശക്തിയുള്ള സുവിശേഷവും നിസ്വാർത്ഥ സ്നേഹവും, നിമിത്തം പുനർജ്ജനിക്കപ്പെട്ടു ദയയും സഹായവും പ്രകടിപ്പിക്കുന്നവരാകുന്നു. പാപികളായ ആളുകളിൽ ഈ നേട്ടം കൈവരിക്കുന്നതു കാണുമ്പോൾ മനസ്സിലാക്കുന്നവർക്കു ആഹ്ലാദമാണ് ഉണ്ടാകുന്നതു, നേരെ മറിച്ചു സുവിശേഷം കേവലം വന്യമൃഗങ്ങളെ ഇണക്കുവാനും, മെരുക്കുവാനും മാത്രമാണെങ്കിൽ ആ സുവിശേഷം ബലഹീനമാണെന്നു തിരിച്ചറിയും. തീർച്ചയായും, യെശയ്യാവും യേശുവും അതിനേക്കാൾ പ്രാധാന്യം വെച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

"വിശുദ്ധപർവ്വതം," എന്ന പുതിയ നിയമസഭയെക്കുറിച്ചുള്ള പ്രവചനങ്ങളുടെ ആലങ്കാരിക അർത്ഥം തുടരുന്നുണ്ട് (എബ്രായർ 12:22, 23). സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ, സുവിശേഷ സന്ദേശം ഭൂലോകത്തിൽ ഒക്കെയും വ്യാപിച്ചു (യെശയ്യാവു 11:9; കൊലൊസ്യർ 1:5, 6). നല്ല മനസ്സുള്ള യെഹൂദന്മാർക്കും ജാതികൾക്കും, യേശു ജനങ്ങളുടെ കൊടിയും, ലോകത്തിന്റെ നിലവാരവാഹകനുമായി (യെശയ്യാവു 49:22; 62:10; യോഹന്നാൻ 3:14–16; 12:32 നോക്കുക).

യെശയ്യാവു പറഞ്ഞതുപോലെ, യിശ്ശായിയുടെ മകൻ, യേശു ആളുകളുടെ കൊടി ആയില്ലെങ്കിൽ, പിന്നെ ദൈവ വചനം വൃഥാവായിപ്പോയി. ഏ.ഡി. 70–ൽ, വംശാവലിപരിശോധിച്ചാൽ യിശ്ശായിയുടെ പിൻഗാമികൾ നശിച്ചുപോയി. അതുകൊണ്ടു ഏ.ഡി. 70 നു മുമ്പു യിശ്ശായിയുടെ ശരിയായ മകൻ തന്നെ യെശയ്യാവു പ്രവചിച്ചതുപോലെ തെളിയിക്കുന്നതിൽ പരാജയപ്പെട്ടാൽ, പിന്നെ മനുഷ്യരെല്ലാം ദുഃഖത്തോടു കൂടി മരിക്കണം. മനുഷ്യ പ്രത്യാശയെ പ്രകാശമാനമാക്കുവാൻ മറ്റൊരു പ്രതീക്ഷയുമില്ല. അതങ്ങനെ ആയിരുന്നെങ്കിൽ, യെശയ്യാവു ആഹ്ലാദത്തോടെ അറിയിച്ച മഹത്വകരമായ ഭാവി നിറവേറാത്ത സ്വപ്നമായി അവശേഷിച്ചേനേ. ഏ.ഡി. 70 നു ശേഷം ആരും യിശ്ശായിയുടെ പിൻഗാമിയായി തിരിച്ചറിഞ്ഞിട്ടില്ല.

### നീതി കൊണ്ടു വരുന്നവൻ (യെശയ്യാവു 42:1-4)

യെശയ്യാവു 42:1–4 വരെ ദൈവത്തിന്റെ ദാസനായി വരുന്ന ഒരാൾ കീഴ്പ്പെടുത്താനാവാത്ത നിലയിൽ ഭൂമിയിൽ നീതി കൊണ്ടുവരുമെന്നു മുന്നറിയിച്ചിരിക്കുന്നു:

> "ഇതാ, ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ, ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോടു ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല, ഒച്ച ഉണ്ടാക്കുകയില്ല, തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചു

> കളകയില്ല പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ സത്യ ത്തോടെ ന്യായം പ്രസ്താവിക്കും; ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയില്ല; അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നു."

മൂന്നു പ്രാവശ്യം ഈ മുന്നറിയിപ്പിൽ, "ന്യായം" എന്നവാക്ക് കാണുന്നു. സത്യത്തിൽ ന്യായം കൊണ്ടുവരുന്നവൻ നിലവിളിക്കയോ തെരുവിൽ ഒച്ചയുണ്ടാക്കുകയോ ചെയ്യുകയില്ല. മുറിവേറ്റവർക്ക്, മനസ്താപപ്പെട്ട പാപിക്കു, രണ്ടാമതു ഒരു സന്ദർഭം അവൻ കൊടുക്കും; താഴ്മയുള്ള പാപിയിൽ പ്രത്യാശയുടെ കിരണങ്ങൾ കെടാതെ അവൻ സൂക്ഷിക്കും അവൻ തന്റെ ജോലിപൂർത്തിയാക്കാതെ പിൻമാറുന്നില്ല, സകലദേശങ്ങളിലേയും ആളുകൾ അവന്റെ ന്യായത്തിനായി കാത്തിരിക്കുംഅത്തരം ശുഭാപ്തിയുള്ളതും സഹായകരവും അർത്ഥവത്തും ആയ പ്രസ്താവനകൾ നടത്തുവാൻ ആർക്കു കഴിയും? മത്തായിയുടെ സുവിശേഷപ്രകാരം, നസറേത്തുകാരനായ യേശുവാണ് ആ പുരാതന പ്രവചനത്തിലെ ദാസൻ:

> ഇതാ, ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ, ഞാൻ എന്റെആത്മാവിനെ അവന്റെ മേൽ അയക്കും; അവൻ ജാതികൾക്കു ന്യായവിധി അറിയിക്കും. അവൻ കലഹിക്കയില്ല, നിലവിളിക്കയില്ല, ആരും തെരുവുകളിൽ അവന്റെ ശബ്ദം കേൾക്കയില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചു കളകയില്ല; പുകയുന്ന തിരി കെടുത്തു കളകയില്ല, അവൻ ന്യായവിധി ജയത്തോളം നടത്തും. അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശ വെക്കും എന്നിങ്ങനെ യെശയ്യാ പ്രവാചകർ മുഖാന്തരം പറഞ്ഞതു നിവൃത്തിയാകുവാൻ സംഗതി വന്നു (മത്തായി 12:18–21).

## കാരണം കൂടാതെ വെറുക്കപ്പെട്ടു
## (സങ്കീർത്തനങ്ങൾ 35:19; 69:4)

കുറ്റം ചെയ്യാതെ പലപ്പോഴും ശത്രുവായവനായിരുന്നു ദാവീദ്. ചുരുങ്ങിയതു രണ്ടുപ്രാവശ്യം, "കാരണം കൂടാതെ എന്നെ പകെക്കുന്നവർ എന്റെ തലയിലെ രോമത്തിലും അധികം ആകുന്നു" (സങ്കീർത്തനങ്ങൾ 69:4).

സകല മനുഷ്യരെയും സ്നേഹിക്കുകയും ഒരാളെപ്പോലും ദ്രോഹിക്കരുത് എന്നു ചിന്തിക്കുകയും ചെയ്ത് ഒരാളുപോലും അകാരണമായി ശിക്ഷിക്കപ്പെടരുത്. പക്ഷെ അവന്റെ വായിൽ വഞ്ചന ഒന്നുമില്ലായിരുന്നു (1 പത്രൊസ് 2:22), പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ (എബ്രായർ 7:26). യേശുവിന്റെ സൗമ്യതയും താഴ്മയും (2 കൊരിന്ത്യർ 10:1) നേരോടെ ചിന്തിക്കുന്ന ആളുകൾക്കു അവൻ പ്രിയപ്പെട്ടവനായിത്തീർന്നു.

അത്തരം ഒരു വ്യക്തിയെ അകാരണമായി വെറുക്കുന്നതു എത്ര അസാധാരണമാണ്! എങ്കിലും, ആ അപ്രതീക്ഷിതമായ തലതിരിഞ്ഞ അവന്റെ

സാഹചര്യത്തെ മുന്നറിയിച്ചിരുന്നു: “മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തി കളെ ഞാൻ അവരുടെ ഇടയിൽ ചെയ്തിരുന്നില്ല എങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ അവർ എന്നെയും എന്റെ പിതാവിനെയും കാൺകയും ചെയ്തിരിക്കുന്നു. അവർ വെറുതെ എന്നെ പകച്ചു എന്നു അവരുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്ന വചനം, നിവൃത്തിയാ കേണ്ടതിനു തന്നേ” (യോഹന്നാൻ 15:24, 25).

അവന്റെ സ്നേഹത്തിനു പുറമെ, വിശുദ്ധിയുടെ മനോഹര വസ്ത്രം ധരിച്ചിരിക്കുന്നു. അവന്റെ അത്ഭുതങ്ങൾ അത്രയും വിശ്വാസയോഗ്യവു മായിരുന്നു (“അതു മറ്റാരും ചെയ്തിട്ടില്ല”; യോഹന്നാൻ 15:24). ഇതു അവന്റെ ദൈവികത്വത്തെ വിമർശിക്കുന്ന സംശയാലുക്കളെ ബോധ്യ പ്പെടുത്തുന്നവയായിരുന്നു. എങ്ങനെയായാലും, ചിലർക്കു ബോധ്യമാ വുകയില്ല; “അവരുടെ പാപത്തിനു യാതൊരു ഒഴികഴിവും ഇല്ലാത്തവി ധത്തിൽ, അവർ മശിഹയെ തള്ളിക്കളഞ്ഞു” (യോഹന്നാൻ 15:22). അവന്റെ സ്നേഹത്തിനു പകരം അവർ വെറുപ്പുകൊടുത്തു.

### താഴ്മയുള്ളവനായ രാജാവു (സെഖര്യാവു 9:9)

തങ്ങൾക്കു തന്നെ കുതിരകളെ വർദ്ധിപ്പിക്കരുതെന്നു യിസ്രായേ ലിലെ രാജാക്കന്മാരോടു ദൈവം കല്പിച്ചിരുന്നു (ആവർത്തന പുസ്തകം 17:16). ശലോമോൻ, തന്റെ മായയിലും, മനുഷ്യശക്തിയിലുള്ള വിശ്വാ സവും നിമിത്തം ദൈവത്തിന്റെ ഉടമ്പടി ലംഘിക്കയുണ്ടായി (1 രാജാക്കന്മാർ 4:26). കൂടുതൽ വിനയപൂർവ്വമായ യാത്രയെ സെഖ ര്യാവു മുന്നറിയിച്ചിട്ടുണ്ട്:

> സീയോൻ പുത്രിയെ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക! യെരുശലേം പുത്രിയേ, ആർപ്പിടുക! ഇതാ നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തു കയറി വരുന്നു; ഞാൻ എഫ്രയിമിൽ നിന്നു രഥത്തെയും യെരു ശലേമിൽ നിന്നു കുതിരയെയും ഛേദിച്ചുകളയും, പടവില്ലും ഒടി ഞ്ഞുപോകും, അവൻ ജാതികളുടെ സമാധാനം കല്പിക്കും; അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റത്തോളവും ആയിരിക്കും (സെഖര്യാവു 9:9, 10).

പ്രവാചകന്മാർ എഴുതിയിരുന്ന സമയത്തു (ബി.സി. 520) യെഹൂ ദക്കു രാജാവില്ലാതിരുന്ന സമയത്ത് സെഖര്യാവിന്റെ മുന്നറിയിപ്പു ഏറ്റ വും ശ്രദ്ധേയമായിരുന്നു, പിന്നീട് യേശു അല്ലാതെ, മറ്റൊരു രാജാവു ഉണ്ടായിട്ടുമില്ല! പ്രവാചകർ യേശുവിനെക്കുറിച്ചു പ്രവചിച്ച വാക്കുകൾ വിശദമായി നിറവേറിയതു അത്ഭുതാവഹമായിരുന്നു.

> അനന്തരം അവൻ യെരുശലേമിനോടു സമീപിച്ചു ഒലിവുമല യരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു ശിഷ്യന്മാരെ

> അയച്ചു നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ, അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടി യെയും നിങ്ങൾ ഉടനെ കാണും; അവയെ അഴിച്ചു കൊണ്ടുവരു വിൻ. നിങ്ങളോടു ആരാനും വല്ലതും പറഞ്ഞാൽ കർത്താവിന്നു ഇവയെക്കൊണ്ടു ആവശ്യം ഉണ്ട് എന്നു പറവിൻ; തൽക്ഷണം അവൻ അവയെ അയക്കും എന്നു പറഞ്ഞു.
>
> സിയോൻ പുത്രിയോടു ഇതാ, നിന്റെ രാജാവു സൗമ്യനായി കഴു തപ്പുറത്തും വാഹന മൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ.
>
> എന്നിങ്ങനെ പ്രവാചകർ മുഖാന്തരം അരുളിച്ചെയ്തിരുന്നതു നിവൃ ത്തിവരുവാൻ ഇതു സംഭവിച്ചു ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതുപോലെ ചെയ്തു. കഴുതയെയും കുട്ടിയെയും കൊണ്ടു വന്നു തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇല്ല; അവർ കയറി ഇരുന്നു. പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരി ച്ചു. മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്നു കൊമ്പു വെട്ടി വഴിയിൽ വിതറി (മത്തായി 21:1-8).

### യെഹൂദ്യയിലെ പ്രതിഫലം (ഉല്പത്തി 49:10)

ഏതാണ്ട് ബി.സി. 1644 ൽ, പൂർവ്വപിതാവായിരുന്ന യാക്കൊബ്, ഗോശേൻ ദേശത്ത് തന്റെ മരണക്കിടക്കയിൽ ഇരുന്നു തന്റെ മക്കളെ അനുഗ്രഹിച്ചു. യെഹൂദയെക്കുറിച്ചു, പരിശുദ്ധാത്മാവു യാക്കൊബ് മുഖാ ന്തരം മുന്നറിയിക്കയുണ്ടായി,

> അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദ്യയിൽ നിന്നും, രാജദണ്ഡ് അവന്റെ കാലുകൾക്കിടയിൽ നിന്നും, നീങ്ങി പ്പോകയില്ലജാതികളുടെ അനുസരണം, അവനോടു ആകും (ഉല്പത്തി 49:10).

മുന്നറിയിപ്പു ശക്തവും അസാധാരണവും ആയിരുന്നു. യെഹൂദ ആദ്യജാതൻ ആയിരുന്നില്ല (ഉല്പത്തി 49:3), അവനു ജന്മാവകാശവും ലഭിച്ചിരുന്നില്ല (1 ദിനവൃത്താന്തങ്ങൾ 5:1). എങ്ങനെയായാലും, മോശ മായ ആരംഭത്തിനുശേഷം, അവൻ മനുഷ്യത്വവും സ്വാർത്ഥ സ്നേഹവും, കൂടാതെ അവൻ തന്റെ "സഹോദരന്മാരെ ജയിച്ചു" (1 ദിനവൃത്താന്തങ്ങൾ 5:2). ഭാവിയെ നോക്കികൊണ്ടു ദൈവം, ദൈവം വിചാരിച്ചത്, യെഹൂദയിൽനിന്നാണ് അവസരം വരേണ്ടത്, അവസാനം വലിയ മശിഹ, മശിഹ യെഹൂദയിൽ നിന്നായിരിക്കുമെന്നു മുന്നറിയി ച്ചിരുന്നു (എബ്രായർ 7:14).

ഏതാണ്ടു അറുന്നൂറു വർഷങ്ങൾക്കു ശേഷമായിരുന്നു യെഹൂ ദയുടെ പിൻഗാമികളിൽ ഒരാൾ ചെങ്കോലും കണ്ടു പിടിക്കുവാൻ ഇട യായത്. പിന്നെ യെഹൂദയുടെ പിൻഗാമിയായിരുന്ന ദാവീദ്, ദക്ഷിണ

രാജ്യത്തിൽ രാജാവാകയും, ക്രമേണ ഉത്തര രാജ്യത്തിന്മേലും (ഏതാണ്ട് ബി.സി. 1010).

യെഹൂദ്യയിൽ നിന്നു പ്രവൃത്തിക്കുന്ന രാജ്യത്വത്തെ ദൈവം നീക്കി കളയുവാൻ കാരണം അവരുടെ പാപം ആയിരുന്നു. ക്ഷമിക്കാവുന്നേട ത്തോളം ദൈവം ക്ഷമിച്ചു, പിന്നെ 590–ൽ, അവൻ സിദെക്കിയാവിൽ കൂടെ പറഞ്ഞു,

> നിഹിതനും, ദുഷ്ടനും, ആയി യിസ്രായേലിന്റെ പ്രഭുആയു ള്ളോവേ,അന്ത്യാ കൃത്യത്തിന്റെ കാലത്തു, നിന്റെ നാൾ വന്നിരി ക്കുന്നു. യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു, ഞാൻ മകുടം നീക്കി കിരീടം എടുത്തു കളയും. അതു അങ്ങനെ ഇരിക്കയില്ല; ഞാൻ താണതിനെ ഉയർത്തുകയും, ഉയർന്നതിനെ താഴ്ത്തുകയും ചെയ്യും. ഞാൻ അതിനു ഉന്മൂല നാശം, ഉന്മൂല നശം, ഉന്മൂല നാശം വരുത്തുന്നു. അതിനു അവകാശമുള്ളവൻ വരുവോളം. അതു ഇല്ലാതെയിരിക്കും; അവന്നു ഞാൻ അതു കൊടുക്കും (യെഹെസ്ക്കേൽ 21:25–27).

യെഹെസ്ക്കേൽ മുഖാന്തരം ദൈവം നടത്തിയ പ്രവചനം നാലു വർഷങ്ങൾക്കു ശേഷം, പുറജാതികാരനായ നെബൂഖെദ്നേസർ വന്നു, യെഹൂദ്യയിലെ അവസാന രാജാവായിരുന്ന സിദെക്കീയാവിനെ സ്ഥാന ഭ്രഷ്ടനാക്കിയപ്പോൾ നിറവേറി (2 രാജാക്കന്മാർ 25:1–7).

യെഹൂദയുടെ പിൻഗാമികൾ ആരും ഭൗതിക രാജ്യത്വത്തിൽ അവ ശേഷിക്കാത്തവെണ്ണം ദൈവം കല്പിച്ചതിന്റെ കാരണം അവരുടെ അകൃ ത്യബാഹുല്യമായിരുന്നു. പ്രത്യേകമായി, ദൈവം സിദെക്കീയാവിന്റെ അനന്തരവനായ കൊന്യാവിനോടു പറഞ്ഞു:

> ഈ ആളെ മക്കളില്ലാത്തവൻ, എന്നും ആയുഷ്ക്കാലത്തു ഒരി ക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ; ഇനി ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തനും ശുഭം വരികയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു (യിരെമ്യാവു 22:30).

കൊന്യാവു എന്നേക്കും മക്കളില്ലാതെ യെഹൂദ്യയിൽ വാഴുകയാൽ രാജാവില്ലാതായി, അപ്പോഴും ആയിരം വർഷങ്ങൾക്കു മുൻപു ദൈവം യെഹൂദക്കു വാഗ്ദാനം ചെയ്തത്, ചെങ്കോൽ യെഹൂദയിൽ വിശ്രമ മനു ഷ്യനായ അവകാശമുള്ളവൻ, സംരക്ഷകൻ, വരുവോളം ഇരിക്കണം. കൊന്യാവ് ഭൗതീകമായി മക്കളില്ലാത്തവനായിരുന്നില്ല (മത്തായി 1:12), അവന്റെ പിൻഗാമികൾ ആരും, അക്ഷരികമായോ ഭൗതികമായോ യെഹൂ ദയിൽ രാജാവായില്ല. ചെങ്കോൽ സൂക്ഷിക്കപ്പെട്ടു, എന്നാൽ അതു സിദെക്കീയാവു മുതൽ യേശുവരെ ഉപയോഗിച്ചില്ല, അവനായിരുന്നു വിശ്രമപുരുഷൻ അവകാശമുള്ളവൻ സുരക്ഷിതം നല്കുന്നവനും!

യേശു ആദ്യം വന്നപ്പോൾ ഭൗതിക രാജാവായി യെഹൂദയിൽ വാഴു

കയോ, അല്ലെങ്കിൽ അവന്റെ രണ്ടാം വരവു ഭൗതികമായി യെരുശലേമിൽ രാജാവാകുവാനും ആണെങ്കിൽ ദൈവത്തിന്റെ യിരെമ്യാവിൽ കൂടെ നടത്തിയ പഴയനിയമ പ്രവചനം വ്യഥാവായിപോകുന്നു. എന്നാൽ ഏ. ഡി. 30 മെയ് 28-നു യേശു ആത്മികരജാവായി ദൈവത്തിന്റെ വലതുഭാഗത്തിരുന്നു, വാഴുമ്പോൾ, ആയിരത്തി - അറുനൂറു - വർഷങ്ങൾക്കു മുമ്പു യാക്കൊബു നടത്തിയ പ്രവചനം നിറവേറി:

> അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും,രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നു നീങ്ങി പ്പോകയില്ല, ജാതികളുടെ അനുസരണം അവനോടാകും (ഉല്പത്തി 49:10).

**കൊമ്പു (യിരെമ്യാവു 23:5)**

ദൈവം തന്റെ പുത്രനെ വിശദീകരിക്കുവാൻ ഒരു ചിത്രീകരണത്തിനായി ബോട്ടണിയിലെ ഒരു പ്രയോഗം തിരഞ്ഞെടുത്തു: *സേമാ,*[2] "കൊമ്പു" യേശു ദാവീദിന്റെ വംശാവലിയിൽ യിശ്ശായിയുടെ ശിഖരം അല്ലെങ്കിൽ കൊമ്പു ആയിരിക്കും (യെശയ്യാവു 11:1). ഭൗതികമായി നോക്കിയാൽ, അവന്നു ആഗ്രഹിക്കത്തക്ക രൂപഗുണമില്ല, ഇളയ തൈപോലെയും, വരണ്ട നിലത്തു നിന്നു വേർമുളക്കുന്നതു പോലെയും അവന്റെ മുമ്പാകെ വളരും (യെശയ്യാവ് 53:2). ആത്മിയമായി, മുള എന്നു പേരുള്ളവൻ, തന്റെ നിലയിൽ മുളെച്ചു വരും (സെഖര്യാവു 6:12) ബഹുമാനഭൂഷണം ധരിക്കും. അവന്റെ ഭംഗി വിശുദ്ധിയുടെ ഭംഗിയും, മനുഷ്യപുത്രന്മാരേക്കാൾ അതി സുന്ദരനുമാണ് (സങ്കീർത്തനങ്ങൾ 45:2). അവന്റെ മഹത്വവും, പിതാവിന്റെ പ്രത്യേകതയുള്ള പുത്രനും, കൃപയും സത്യവും നിറഞ്ഞവനായിരുന്നു (യോഹന്നാൻ 1:14). അവൻ കർത്താവിന്റെ മന്ദിരം പണിയും - (സെഖര്യാവു 6:13), അതായതു സഭ, രാജാവായി അവൻ വാഴുകയും ചെയ്യും. ഈ രാജാവു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും (യിരെമ്യാവു 23:5).

അവൻ *സേമാ,* മുളയായവൻ, തന്റെ ആത്മിയ സിംഹാസനത്തിൽ ഇരുന്നു വാഴുകമാത്രമല്ല, സിംഹാസനത്തിൽ ഇരിക്കുമ്പോൾ തന്നെ അവൻ പുരോഹിതനായിരിക്കും. വംശാവലിയാൽ അവൻ പുരോഹിതനാവാൻ യോഗ്യനല്ലായിരുന്നു. അവന്റെ മുൻഗാമിയായിരുന്ന ദാവീദ്, അവൻ യെഹൂദാ ഗോത്രത്തിലെ ഒരു മുളയായിരുന്നു, "ആ ഗോത്രത്തോട് മോശെ പൗരോഹിത്യം സംബന്ധിച്ചു ഒന്നും കല്പിച്ചിട്ടില്ലല്ലോ" (എബ്രായർ 7:14). അതു കൊണ്ടു, അക്ഷരികമായും ഭൗതികമായും, അവൻ ഒരിക്കലും പുരോഹിതൻ ആകുമായിരുന്നില്ല. അവൻ ഭൂമിയിലായിരുന്നാൽ, "അവൻ പുരോഹിതൻ ആവുകയില്ല" (എബ്രായർ 8:4).

അവന്റെ പൗരോഹിത്യം ആത്മിയവും സ്വർഗ്ഗീയവുമായതുപോലെ, അവന്റെ വാഴ്ച്ചയും ആത്മികവും സ്വർഗ്ഗിയവുമാണ്. സ്വർഗ്ഗത്തിൽ അത്യുന്നതന്റെ വലതുഭാഗത്തേക്കുള്ള സിംഹാസനത്തിലേക്കു കയറിപോയ ഒരു മഹാപുരോഹിതനാണ് നമുക്ക് ഉള്ളത് (എബ്രായർ 8:1). മുള, മഹാപുരോഹിതൻ, രാജാവു ജഢത്തിലല്ല, ഇനി ഒരിക്കലും ജഢത്തിലാവുക

യുമില്ല (2 കൊരിന്ത്യർ 5:16). അവൻ തനിക്കുള്ളവർക്കു വേണ്ടി വീണ്ടും വരുമ്പോൾ, അവൻ ജഡത്തിലായിരിക്കയില്ല, ഭൂമിയിൽ കാൽ കുത്തുകയുമില്ല. പകരം, അവൻ, പുനരുത്ഥരിക്കപ്പെടുന്നവരുടെ കൂടെ വന്നു ജീവനുള്ളവരെ രൂപാന്തരപ്പെടുത്തി അമർത്യ ശരീരങ്ങളും, അവനെ എതിരേല്പാൻ അവരെ മേഘങ്ങളിൽ എടുക്കും (1 കൊരിന്ത്യർ 15:51, 52; ഫിലിപ്പിയർ 3:20, 21; 1 തെസ്സലൊനിക്യർ 4:16–18). *സേമാ*, മുള മഹത്വകരമായ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്.

## ദൈവം ആയി കിരീടം ധരിച്ചു
## (സങ്കീർത്തനങ്ങൾ 45:6, 7)

ചില എബ്രായവാക്കുകൾ സൂചിപ്പിക്കുന്നത് "മനുഷ്യൻ" ഭൗമികമായി (എബ്രാ.: *'ആദാം*), ദുർബ്ബലൻ (എബ്രാ. *'എനോഷ്*), പ്രകൃതി, മറ്റുള്ളവർ സൂചിപ്പിക്കുന്നത് "മനുഷ്യൻ" ഒരു ഭർത്താവായി (എബ്രാ.: *'ഇഷ്*), ഒരു ശക്തി ഉള്ളവനായിട്ട് (എബ്രാ.: *'ജിബോർ*), അല്ലെങ്കിൽ ദൈവരൂപത്തിൽ പങ്കുള്ളവൻ (എബ്രാ.: *'എലോഹിം*), മനുഷ്യന്റെ സ്വർഗ്ഗീയ അവസ്ഥയെ സൂചിപ്പിച്ചു ദൈവം പറഞ്ഞു, "നിങ്ങൾ ദേവന്മാർ [എബ്രാ.: *'എലോഹിം*] നിങ്ങൾ എല്ലാവരും അത്യുന്നതന്റെ മക്കൾ ആകുന്നു" (സങ്കീർത്തനങ്ങൾ 82:6). അങ്ങനെ "ദൈവം" എന്ന വാക്കു തർജ്ജിമയിൽ ("ഗോഡ്" എബ്രാ.: *'എലോഹിം*) എന്നുള്ളത് മനുഷ്യരെയും കുറിക്കുന്നു. ഇംഗ്ലീഷ് ട്രാൻസിലേഷനിൽ ("ഗോഡ്സ്") പല ദൈവങ്ങൾ ഉണ്ട് എന്നു തെറ്റിദ്ധരിച്ചിട്ടുണ്ട്. എങ്ങനെയായാലും, വ്യക്തമായ ബൈബിൾ പഠനം ഏക സത്യ ദൈവത്തെയാണ് വെളിപ്പെടുത്തിയിരിക്കുന്നത് (ആവർത്തന പുസ്തകം 6:4; യെശയ്യാവു 44:6; 1 കൊരിന്ത്യർ 8:2, 3). ഇതു സത്യമാകകൊണ്ടു, സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതു സ്വർഗ്ഗത്തിൽ മനുഷ്യരുടെ ആത്മാക്കളുടെ അവസ്ഥയെയാണ് ദൈവം വിവരിക്കുന്നതു എന്നു മനസ്സിലാക്കാം. ഒരു മൃഗത്തെയും ഒരിക്കലും *'എലോഹിം* ("ദൈവം"), എന്നു വിളിച്ചിട്ടില്ല, മനുഷ്യരെ മാത്രമാണ്.

*'എലോഹിം* എന്ന വാക്ക് ഈ രണ്ട് അർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നത് ("ദൈവം" എന്നും "മനുഷ്യനെ ദൈവത്തിന്റെ രൂപം" എന്നും) വെച്ചു നമുക്കു സങ്കീർത്തനങ്ങൾ 45:6, 7 മനസ്സിലാക്കാം:

> ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു, നിന്റെ രാജ്യത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോൽ ആകുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു അതുകൊണ്ടു ദൈവം നിന്റെ ദൈവം തന്നെ; നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു.

സങ്കീർത്തനങ്ങൾ 45 ശലോമോന്റെ ഒരു വിവാഹത്തെ സൂചിപ്പിച്ചു പറയുന്നതു എന്ന വിശദീകരണമാണ് ഏറ്റവും നല്ലത്. പുതിയ ഭർത്താവിനെ ഉയർത്തി ആദരിക്കുകയാണ് വാക്യങ്ങൾ 6 ലും 7 ലും: അവൻ നീതിമാനായ രാജാവും, ദൈവവുമാണ് (അതായതു, ദൈവത്തിന്റെ സാദൃശ്യം).

എങ്ങനെയായാലും, സങ്കീർത്തനങ്ങൾ 45:6, 7 "ശലോമോനേക്കാൾ വലിയവൻ" ആയിട്ടുള്ള ഒരാളുടെ നിവർത്തീകരണമാണ് (മത്തായി 12:42). "ശിഷ്യൻ ഗുരുവിൻമീതെയല്ല, ദാസൻ യജമാനനുമീതെയുമല്ല" (മത്തായി 10:24) എങ്കിലും ശലോമോന്റെ സന്തതി അവന്റെ മുൻഗാമി യേക്കാൾ വലിയവൻ. ഏ.ഡി. 30-ൽ പെന്തെക്കൊസ്തു നാളിൽ, സ്വർഗ്ഗ ത്തിലും, ഭൂമിക്കു രാജാവായി – യേശുക്രിസ്തുവിനെ – ദൈവത്തിന്റെ വലതു ഭാഗത്തിരുത്തി (എഫെസ്യർ 1:22, 23; മത്തായി 28:18). അവന്റെ കിരീടധാരണ ദിവസം, പിതാവായ ദൈവം, ആദ്യ ശലോമോനു ബാധ കമായിരുന്ന ഭാഷയെ ശരിയായി ഉയർത്തി:

> "പുത്രനോടോ, ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ, നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷി ക്കയും ചെയ്തിരിക്കയാൽ ദൈവമേ നിന്റെ ദൈവം നിന്റെ കൂട്ടു കാരിൽ പരമായി. നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" (എബ്രായർ 1:8, 9).

ശലോമോന്റെ വാഴ്ച്ചയെയും യേശുവിന്റെ വാഴ്ച്ചയെയും പരാ മർശിച്ചു ഒരേ വാക്കായ, "നീതിയുള്ള," എന്നതാണ് ദൈവം ഉപയോഗി ച്ചിരിക്കുന്നത്; എന്നാൽ അതു യേശുവിന്റെ കാര്യത്തിലേക്കു വരുമ്പോൾ അതു ഏറ്റവും ഉയർന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതു പോലെ, ശലോമോൻ എന്ന വ്യക്തിയെ പരമാർശിച്ചു "ദൈവം" (അതാ യത്, ശലോമോന്റെ ദൈവസാദൃശ്യം), എന്നതിനും യേശുവിന്റെ സ്വഭാ വത്തിനും (അതായതു, ദൈവത്വം) ഉപയോഗിച്ച വാക്കുകൾ ഒന്നാണെ ങ്കിലും യേശുവിനെ ബാധിക്കുന്ന അർത്ഥം ശലോമോനെക്കാൾ ഉയർന്ന താണ്.

---

കുറിപ്പുകൾ

[1]*ട്രൂത്ത് ഫോർ ടുഡേ*യുടെ മുൻലക്കത്തിൽ മശിഹയുടെ ജനനത്തെയും ജീവിത ത്തെയും കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങൾ കൂടുതൽ ഉണ്ട്. "ദൈവശ്വാസിയതയും ബൈബിളിന്റെ ആധികാരികതയും" ആ പ്രവചനങ്ങൾ ക്രിസ്തുവിൽ നിറവേറിയതായി തെളിയിച്ചിരിക്കുന്നു: "ദാവീദിന്റെ സന്തതി" (2 ശാമുവേൽ 7:12). "ഒരു ബേത്ത്ലഹേ മ്യൻ" (മീഖാ 5:2), "മിസ്രയിമിൽ നിന്നു വിളിച്ചുവരുത്തും" (ഹോശേയ 11:1). [2]മറ്റു സസ്യ ശാസ്ത്ര നാമങ്ങൾ ഉപയോഗിച്ചിരിക്കുന്നത് "മുള" എന്നു യേശുവിനെ സൂചിപ്പിച്ചു പറ യുന്നു, *കുറ്റിയിൽ* നിന്നും (യെശയ്യാവു 11:1) *ഇളയതൈ* (യെശയ്യാവു 53:2).

© 2009 Truth for Today